# സീമാറ്റ്
# സമഗ്ര ശിക്ഷാ കേരള

## പൊതുവിദ്യാഭ്യാസ വകുപ്പ്

# സർട്ടിഫിക്കറ്റ് പ്രോഗ്രാം ഇൻ ഫങ്ഷണൽ സ്കൂൾ ലീഡർഷിപ്പ്

## (CPFSL– Certificate Programme in Functional School Leadership)

വിദ്യാഭ്യാസ മാനേജ്മെന്റ് സങ്കേതങ്ങളുടെ
പ്രയോഗതല സാധ്യതകൾ പരിചയപ്പെടുത്തുന്ന
അക്കാദമിക് പ്രോഗ്രാം

## സീമാറ്റ്-കേരള

കേന്ദ്ര കൽപിത സർവകലാശാലയായ NIEPA യുടെ **(National Institute of Educational Planning and Administration)** മാതൃകയിൽ സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ള വിദ്യാഭ്യാസ മാനേജ്മെന്റ് സ്ഥാപനമാണ് SIEMAT-Kerala എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന **State Institute of Educational Management and Training-Kerala.** വിദ്യാഭ്യാസ ഓഫീസർമാരും സ്കൂൾ മേധാവികളും അടക്കമുള്ള വിദ്യാഭ്യാസ പ്രവർത്തകർക്ക് എഡ്യൂക്കേഷണൽ മാനേജ്മെന്റിലും അനുബന്ധ മേഖലകളിലും വിദഗ്ധപരിശീലനം നൽകുന്നത് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഭാഗമായി പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ടാണ്. പൊതുവിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളെയും വെല്ലുവിളികളെയും അധികരിച്ചുള്ള നിർവഹണോന്മുഖ ഗവേഷണം (Functional Research), ഡാറ്റാ വിശകലനം, വിദ്യാഭ്യാസ ആസൂത്രണത്തിനുള്ള പോളിസി ഇൻപുട്ട് തയ്യാറാക്കൽ,നൂതന മാതൃകകളുടെ ആവിഷ്കരണവും പൈലറ്റിംഗും, പബ്ലിക്കേഷൻ, ഡോക്യുമെന്റേഷൻ തുടങ്ങിയവയാണ് സീമാറ്റ് കേരളയുടെ മറ്റു പ്രവർത്തനങ്ങൾ.

**Progressive Edulead Programme (PEP)** എന്ന ബൃഹദ് പദ്ധതിയുടെ (Umbrella Scheme) കീഴിലാണ് 14-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് സീമാറ്റ് - കേരള വിവിധ അക്കാദമിക-പരിശീലന പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. ഇൻസ്റ്റ്യൂട്ടിന്റെ പ്രഥമ സർട്ടിഫിക്കറ്റ് പ്രോഗ്രാമായ CPFSL ഉം PEP ന് കീഴിലാണ് ആവിഷ്കരിച്ചിട്ടുള്ളത്. സമഗ്ര ശിക്ഷാ കേരളയുമായി സഹകരിച്ച്, STARS ഫണ്ട് വിനിയോഗിച്ചാണ്, ആദ്യഘട്ടത്തിൽ CPFSL നടപ്പിലാക്കുന്നത്.

## CPFSL

പങ്കാളിത്തത്തിനും ജനാധിപത്യ മൂല്യങ്ങൾക്കും പ്രാധാന്യം നൽകുന്ന വികേന്ദ്രീകൃത നേതൃത്വമാണ് (Distributive Leadership) അക്കാദമിക പുരോഗതിയുടെ ചാലകശക്തി. മികവിന്റെ പുതിയ തലങ്ങളിലെത്താൻ നമ്മുടെ വിദ്യാലയങ്ങൾക്ക് കഴിയണമെങ്കിൽ *സ്കൂൾ നേതൃത്വം* എന്ന ആശയം ഉൾക്കൊള്ളപ്പെടുകയും പ്രയോഗവത്കരിക്കപ്പെടുകയും വേണം. അതുകൊണ്ടാണ് എഡ്യൂക്കേഷണൽ മാനേജ്മെന്റ് രംഗത്തെ പുത്തൻആശയങ്ങളും പ്രവണതകളും പ്രാരംഭത്തിലേ കണ്ടറിഞ്ഞ് സ്വാംശീകരിക്കുന്ന സീമാറ്റ്- കേരള ഈ ആധുനിക സ്കൂൾ നേതൃത്വസങ്കല്പം, നിർവഹണതലത്തിന് പ്രാധാന്യം നൽകി, വിവിധ ലക്ഷ്യ

വിഭാഗങ്ങൾക്ക് പരിചയപ്പെടുത്താൻ CPFSL എന്ന അക്കാദമിക് പ്രോഗ്രാം ആവിഷ്കരിച്ചിരിക്കുന്നത്.

**ഉദ്ദേശ്യങ്ങൾ**

- ജനാധിപത്യപരവും പരിവർത്തനോന്മുഖവുമായ വിദ്യാഭ്യാസനേതൃത്വം സംബന്ധിച്ച കാഴ്ചപ്പാട് വികസിപ്പിക്കുക.
- മാറിവരുന്ന സാഹചര്യങ്ങളോട് പ്രതികരിച്ച് സുശക്തമായ വിദ്യാഭ്യാസ അന്തരീക്ഷം രൂപപ്പെടുത്തുന്നതിനുള്ള ശേഷി പ്രദാനം ചെയ്യുക.
- വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട പ്രവർത്തനനങ്ങളിൽ നൂതനവും ഗവേഷണാത്മകവുമായ സമീപനം കൈക്കൊള്ളുന്നതിനുള്ള പ്രാപ്തി വികസിപ്പിക്കുക.
- സാമൂഹികവും മനഃശ്ശാസ്ത്രപരവും ദാർശനികവുമായ ഉൾക്കാഴ്ചകളോടെ വിദ്യാലയ പ്രവർത്തനങ്ങളുടെ ആസൂത്രണം നിർവഹിക്കുന്നതിനുള്ള ശേഷി കൈവരിക്കാൻ സഹായിക്കുക.
- സമൂഹത്തിലെ വ്യത്യസ്ത വിഭാഗങ്ങളെയും വിഭവങ്ങളെയും കൂട്ടിയോജിപ്പിച്ചുകൊണ്ട് വിദ്യാലയാസൂത്രണം നിർവഹിക്കുന്നതിനുള്ള നൈപുണി വളർത്തിയെടുക്കുക.
- വിദ്യാഭ്യാസ നേതൃത്വവുമായി ബന്ധപ്പെട്ട വ്യത്യസ്ത പ്രയോഗമാതൃകകൾ പരിചയിക്കുന്നതിനും സന്ദർഭത്തിന് അനുയോജ്യമായവ തിരഞ്ഞെടുത്ത് പ്രയോഗിക്കുന്നതിനും വേണ്ട അറിവ് പ്രദാനം ചെയ്യുക.

**CPFSL പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിട്ടുള്ള കോഴ്സുകൾ**

നിർണയിക്കപ്പെട്ട ഉദ്ദേശ്യലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാൻ ഉതകുന്ന 10 കോഴ്സുകൾ കോർത്തിണക്കിയാണ് CPFSL ആവിഷ്കരിച്ചിരിക്കുന്നത്.

1. ബോധനശാസ്ത്രപരമായ നേതൃത്വം (Pedagogical Leadership)
2. സ്വത്വത്തെ തിരിച്ചറിയുക (Exploring the self)
3. കുട്ടികളുടെ വൈവിധ്യം തിരിച്ചറിഞ്ഞുള്ള ഇടപെടൽ (Dealing the diffeence with Students)
4. അധ്യാപകരിലും രക്ഷിതാക്കളിലുമുള്ള വൈവിധ്യങ്ങളെ പ്രയോജനപ്പെടുത്തൽ. (Dealing the diffeence with Teachers and Parents)

5. സ്റ്റേക്ക്ഹോൾഡേഴ്സുമായി ഗുണാത്മക ബന്ധം കെട്ടിപ്പടുക്കൽ (Building Positive Relation with Stake Holders)
6. സ്കൂൾ വിദ്യാഭ്യാസത്തിൽ വിവിധ ഏജൻസികളുടെയും സമൂഹത്തിന്റെയും പങ്കാളിത്തം (Blending with Community)
7. നൂതന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകൽ (Leading Innovation)
8. വിഭവമാനേജ്മെന്റ് (Resource Management)
9. അക്കാദമിക് മാസ്റ്റർപ്ലാൻ വിദ്യാലത്തിന്റെ സുസ്ഥിര വികസനത്തിലേക്ക് (School Development Plan)
10. എന്റെ മാതൃകാ വിദ്യാലയം (My Ideal School)

ഒന്നിൽ നിന്ന് അടുത്തതിലേയ്ക്ക് ക്രമാനുഗതമായി വികസിച്ച സംക്രമിച്ച് ചേരുന്ന തരത്തിലാണ് *ബോധനശാസ്ത്രപരമായ നേതൃത്വത്തിൽ* തുടങ്ങി *എന്റെ മാതൃകാ വിദ്യാലയത്തിൽ* അവസാനിക്കുന്ന മൊഡ്യൂളുകളുടെ വിന്യാസം.

### CPFSL ഒരു ജനറിക് പ്രോഗ്രാം

സ്കൂൾ പ്രവർത്തനങ്ങളിൽ ഏറിയും കുറഞ്ഞും നേതൃത്വപരമായ പങ്ക് വഹിക്കേണ്ട വിദ്യാഭ്യാസ ഓഫീസർമാർ, പ്രഥമാധ്യാപകർ, അധ്യാപകർ, അനധ്യാപകർ, സ്കൂൾ പിന്തുണാ സംവിധാനങ്ങളുടെ ഭാരവാഹികൾ തുടങ്ങിയ വിവിധ ലക്ഷ്യവിഭാഗങ്ങൾക്കും ടീച്ചർ എഡ്യൂക്കേഷൻ പഠനം പൂർത്തയാക്കിയ ഭാവി അധ്യാപകർക്കും നൽകാവുന്ന ജനറിക് പ്രോഗ്രാമായാണ് CPFSL-ൽ വിഭാവനം ചെയ്തിട്ടുള്ളത്. ബേസിക് മൊഡ്യൂൾ ഏറെക്കുറെ സമാനതകൾ ഉള്ളതായിരിക്കുമെങ്കിലും വിവിധ വിഭാഗങ്ങൾക്കുള്ള താഴെപ്പറയുന്ന CPFSL-പ്രോഗ്രാമുകളുടെ വിനിമയ രീതിയും പഠന പ്രവർത്തനങ്ങളും വ്യത്യസ്തമായിരിക്കും.

- CPFSL (C-Current) – വിദ്യാഭ്യാസ ഓഫീസർമാർക്കും സ്കൂൾ മേധാവികൾക്കുമുള്ള പ്രോഗ്രാം
- CPFSL (P-Prospective) – അധ്യാപകർക്കുള്ള പ്രോഗ്രാം
- CPFSL (F-Futuristic) – ടീച്ചർ എഡ്യൂക്കേഷൻ പഠനം പൂർത്തിയാക്കിയവർക്കുള്ള പ്രോഗ്രാം
- CPFSL (G-General) – അനധ്യാപകർ, സ്കൂൾ പിന്തുണാ സംവിധാനങ്ങളുടെ ഭാരവാഹികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആരോഗ്യ-വിദ്യാഭ്യാസ സ്ഥിരംസമിതി അംഗങ്ങൾ തുടങ്ങിയവർക്കുള്ള പ്രോഗ്രാം

**അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത**

CPFSL(C), CPFSL(P), CPFSL(F) എന്നീ അവാന്തര പ്രോഗ്രാമുകൾക്ക് ചേരാൻ കഴിയുക D.El.Ed അല്ലെങ്കിൽ B.Ed (തത്തുല്ല്യ യോഗ്യത) യോഗ്യതയുള്ളവർക്കാണ്. ബിരുദമാണ് CPFSL(G) പ്രോഗ്രാമിന് ചേരാനുള്ള അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത.

**വിനിമയ മാധ്യമം** : മലയാളം

**പ്രോഗ്രാം കാലയളവ്**

21 ദിവസമാണ് (42 മണിക്കൂർ) CPFSL ഓൺലൈൻ പ്രോഗ്രാമിന്റെ ദൈർഘ്യം. സമഗ്രശിക്ഷാ കേരളയുമായി സഹകരിച്ച് CPFSL സംഘടിപ്പിക്കുമ്പോൾ ഓൺലൈൻ പ്രോഗ്രാമിന്റെ തുടർച്ചയായി 4 ദിവസത്തെ റസിഡൻഷ്യൽ പരിശീലനവും പഠിതാക്കൾക്ക് നൽകും.

**CPFSL അക്കാദമിക് സമിതി**

CPFSL മൊഡ്യൂളുകൾ പരിശോധിച്ച് അംഗീകാരം നൽകുന്നതും പ്രോഗ്രാമിന്റെ അക്കാദമിക മേൽനോട്ടം നിർവഹിക്കുന്നതും താഴെപ്പറയുന്നവർ അംഗങ്ങളായ 9 അംഗ അക്കാദമിക സമിതിയാണ്.

1. ഡോ.ജയപ്രകാശ് ആർ.കെ, ഡയറക്ടർ, SCERT– ചെയർമാൻ
2. ഡോ. സുപ്രിയ എ.ആർ, സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, SSK – മെമ്പർ
3. ശ്രീ. ബി.അബുരാജ്, ഡയറക്ടർ, SIET – മെമ്പർ
4. ശ്രീ. ശിവരാജൻ.എൻ.ടി, പ്രോഗ്രാം ഓഫീസർ, സമഗ്ര ശിക്ഷാ കേരള (EC Member, SIEMAT) – മെമ്പർ
5. ഡോ.രാഹുൽ വി.ആർ, അസി. പ്രൊഫസർ, ഗവ.കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ (EC Member, SIEMAT) – മെമ്പർ
6. ശ്രീ.സുരേഷ്കുമാർ ആർ, ജോയിൻറ് ഡയറക്ടർ (അക്കാദമിക്), HSE – മെമ്പർ
7. ഡോ.ബിജു, അസി. പ്രൊഫസർ, സെൻട്രൽ യൂണിവേഴ്സിറ്റി, തമിഴ്നാട് – മെമ്പർ
8. ഡോ.ദിവ്യ സി.സേനൻ, അസി. പ്രൊഫസർ, യൂണിവേഴ്സിറ്റി ഓഫ് കേരള – മെമ്പർ
9. ഡയറക്ടർ, സീമാറ്റ്-കേരള – മെമ്പർ, കൺവീനർ

**മൂല്യനിർണയവും സർട്ടിഫിക്കറ്റും :** പ്രവർത്തനങ്ങളിലുള്ള അഭിലഷണീയമായ പങ്കാളിത്തം, പഠനത്തോടൊപ്പവും പഠനാന്ത്യത്തിലുമുള്ള വിലയിരുത്തലിലെ പ്രകടനം എന്നിവയായിരിക്കും മൂല്യനിർണയ മാനദണ്ഡങ്ങൾ. പ്രോഗ്രാം വിജയകരമായി പൂർത്തീകരിക്കുന്നവർക്ക് സീമാറ്റ്-കേരളയും എസ്.എസ്.കെ.യും സംയുക്ത സർട്ടിഫിക്കറ്റ് നല്കുന്നതാണ്.

**ആദ്യ ഘട്ടത്തിൽ**

പൊതുവിദ്യാലയങ്ങളിലെ (Govt. & Aided) സ്കൂൾ മേധാവികൾക്കുള്ള CPFSL(C) യും സീനിയർ അധ്യാപകർക്കുമുള്ള CPFSL(P) യും മാത്രമായിരിക്കും ആദ്യഘട്ടത്തിൽ നടപ്പിലാക്കുക. സമഗ്രശിക്ഷ കേരളയുമായി സഹകരിച്ച് STARS ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന പ്രോഗ്രാം മേൽ വിഭാഗങ്ങളിൽപ്പെടുന്ന 2000 പേർക്കായിരിക്കും ഉടനെ നൽകുക. മേൽ വിഭാഗങ്ങൾക്ക് ഇപ്പോൾ പ്രോഗ്രാം തികച്ചും സൗജന്യമായി നൽകാനാണ് ഉദ്ദേശിക്കുന്നത്.

തിരുവനന്തപുരം

**ഡയറക്ടർ**